# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :694 28/02/2018 ൽ മറുപടിയ്ക്ക്

### മുറിച്ചുമാറ്റിയ മരങ്ങളുടെ വിലനിർണ്ണയം

ചോദ്യം
ശ്രീ.എൻ.എ. നെല്ലിക്കുന്ന്

ഉത്തരം
അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | പാതയോരത്ത് അപകട ഭീഷണി ഉയർത്തിയതിനെ തുടർന്ന് മുറിച്ചു മാറ്റിയ അക്കേഷ്യ മരങ്ങൾ റോഡരികിൽ കിടന്ന് നശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ എന്ന് വ്യക്തമാക്കാമോ ; | എ | പാതയോരങ്ങളിൽ അപകട ഭീഷണയായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ട റോഡ്സ് വിഭാഗം പ്രസ്തുത ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകുകയും, ടി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായ വൃക്ഷ സമിതി അപേക്ഷയിൽ പറഞ്ഞിട്ടുള്ള മരങ്ങൾ പരിശോധിക്കുകയും മുറിക്കേണ്ടത് ആവശ്യമാണെങ്കിൽ വിലനിർണ്ണയ പത്രികയും അനുവാദ പത്രികയും നൽകുകയും ചെയ്യുന്നതാണ് നിലവിലുള്ള നടപടിക്രമം. മരങ്ങൾ മുറിച്ചുമാറ്റി പൊതുലേലത്തിൽ വിറ്റ് സർക്കാരിലേയ്ക്ക് മുതൽകൂട്ടേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പുകൾക്കാണ്. |
| ബി | എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇത്തരം മരങ്ങൾ മഴയും വെയിലുമേറ്റ് നശിച്ചുകൊിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി | ഉത്തരം 'എ' യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| സ് | ഇത്തരം മരങ്ങളുടെ വില നിശ്ചയിച്ചിട്ടു ണ്ടോ എന്ന് വ്യക്തമാക്കാമോ; | സി | ഇത്തരം മരങ്ങളുടെ വില നിശ്ചയിച്ച് നൽകണമെന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ വില നിശ്ചയിച്ചു നൽകുന്നതാണ്. |
| ഡി | വനംവകുപ്പ് വിലനിർണ്ണയിച്ച് നൽകാത്താണ് മരങ്ങൾ വിൽപ്പന നടത്തുന്നതിനു തടസ്സമെന്ന മരാമത്ത് വകുപ്പിന്റെ നിലപാടിൽ വസ്തുതയു ണ്ടോ എന്ന് വ്യക്തമാക്കാമോ; | ഡി | വിലനിർണ്ണയത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധന നടത്തി വില നിർണ്ണയം യഥാസമയം തന്നെ നടത്തി നൽ കാറുണ്ട്. |
| ഇ | വനംവകുപ്പ് നിർണ്ണയിച്ച വില കൂടുതലായത് കാരണമാണ് വിൽപ്പന നടത്താൻ കഴിയാത്തതെന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ; | ഇ | സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് വില നിർണ്ണയത്തിനായി സ്വീകരിച്ചുവരുന്നത്. |

| | | | |
|---|---|---|---|
| എഫ് | കാസർഗോഡ് ജില്ലയിലെ കെടുംകൽ, ബോവിക്കാനം, ബേള, പരപ്പ, ചെർക്കള - ജാൽസൂർ ചെർക്കള - ബദിയടുക്ക റോഡരികിൽ പല സ്ഥലങ്ങളിലും മരങ്ങൾ വീണുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | എഫ് | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ജി | വീണ മരങ്ങൾ എല്ലാ വർഷവും ലേലം ചെയ്തു വിൽക്കുന്ന രീതി എന്താണെന്ന് വ്യക്തമാക്കാമോ; റോഡരികിൽ വീണുകിടക്കുന്ന മരങ്ങളുടെ കണക്ക് മരാമത്ത് വകുപ്പ് വനം വകുപ്പിന് നൽകിയെങ്കിലും വിലനിശ്ചയിച്ച് മറുപടി ലഭിക്കാത്തത് കൊണ്ടാണോ ഈ മരങ്ങൾ ലേലം ചെയ്യാൻ കഴിയാത്തതെന്ന് വ്യക്തമാക്കാമോ ? | ജി | വീണ മരങ്ങൾ അതാത് വകുപ്പുകളാണ് ലേലം ചെയ്ത് വിൽക്കുന്നത്. വിലനിർണ്ണയം നടത്തുക മാത്രമാണ് സാമൂഹിക വനവത്ക്കരണ വിഭാഗം ചെയ്യുന്നത്. ഇത്തരം അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് വില നിർണ്ണയിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറാറുണ്ട്. പ്രസ്തുത മരങ്ങൾ നിൽക്കുന്ന സ്ഥലം ഉടമസ്ഥർ തന്നെ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടണം എന്ന നിർദ്ദേശവും മരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് നൽകാറുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ